

Janayugom 16.12.17

# അത്യുൽപാദന ശേഷിയുള്ള പച്ചക്കറി വിത്തുകളും തൈകളുമായി കൃഷി വകുപ്പ്

വയനാട് ഉൾപ്പെടെയുള്ള ജില്ലകളിലെ കർഷകർക്ക് അത്യുൽപ്പാദന ശേഷിയുള്ള പച്ചക്കറിതൈ വിതരണത്തിന് കൃഷി വകുപ്പിന്റെ ഒരു ഹൈടെക് പച്ചക്കറിതൈ ഉൽപ്പാദന കേന്ദ്രം തയ്യാറായി. എറണാകുളം മൂവാറ്റുപുഴ നടുക്കരയിലാണ് ഹൈടെക് പച്ചക്കറിതൈ ഉൽപാദന കേന്ദ്രം വിഎഫ്പിസികെയുടെ നേതൃത്വത്തിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്.

പ്രതിവർഷം 2 കോടി ഹൈബ്രിഡ് പച്ചക്കറിതൈകൾ ഉൽപാദിപ്പിക്കാൻ ശേഷിയുള്ള ഈ യൂണിറ്റിൽ 1536 സ്ക്വയർ മീറ്റർ വീതം വലിപ്പം ഉള്ള 4 പോളിഹൗസുകൾ, ഫെർട്ടിഗേഷൻ യൂണിറ്റ്, വിത്ത് നടീൽ യൂണിറ്റ്, ഓഫീസ് കോംപ്ലക്സ് എന്നിവ ഉൾപ്പെടുന്നു. പോട്ടിങ് മിശ്രിതം യന്ത്രസഹായത്തോടെ നന്നായി സംയോജിപ്പിച്ച് യന്ത്രവൽകൃതമായി തന്നെ പ്ലാസ്റ്റിക്ക് പ്രോട്രേകളിൽ നിറയ്ക്കുന്നു.

ഓരോകാലാവസ്ഥയ്ക്കും അനുയോജ്യമായ അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ യന്ത്രസഹായത്തോടെ നടുകയും അതു കൺവേയർ വഴി പോളിഹൗസുകളിൽ എത്തിക്കുകയും ചെയ്യുന്നു. ഇവിടെ തൈവളരുന്നതിനു വേൺസൂര്യപ്രകാശം, താപം, ഈർപ്പം എന്നിവ ക്രമീകരിച്ചിട്ടുണ്ട്. താപനില നിയന്ത്രിക്കുന്നതിനായി യന്ത്രവൽകൃത ഷേയ്ഡ് നെറ്റുകൾ ഉപയോഗപ്പെടുത്തുന്നു. കമ്പ്യൂട്ടർ നിയന്ത്രിതമായ ഫെർട്ടഗേഷനിലൂടെ പോളിഹൗസിൽ ഘടിപ്പിച്ചിരിക്കുന്ന ബൂമറുകളുടെ സഹായത്തോടെ കൃത്യമായ ഇടവേളകളിൽ വളപ്രയോഗം സാധ്യമാക്കുന്നു. ആവശ്യാനുസരണം ജലസേചനം നടത്തുന്നതിനും ഇതുവഴി സാധിക്കും. രോഗകീടബാധ നിയന്ത്രണത്തിനു വേണ്ട സസ്യസംരക്ഷണ മുറകളും ഇവിടെ അനുവർത്തിക്കുന്നു. ഈ പോളിഹൗസുകളിൽ വിളകളുടെ മുളയ്ക്കുന്നതിനുള്ള കാലദൈർഘ്യം അനുസരിച്ച് ഏകദേശം 25 മുതൽ 40 ദിവസത്തിനുള്ളിൽ ഹാർഡനിംഗ് ചെയ്ത തൈകൾ കൃഷിക്കാർക്ക് വിതരണം ചെയ്യുന്നതിന് സജ്ജമാകുന്നു.

പ്ലഗ് നേഴ്സറികളിൽ തയ്യാറാവുന്ന തൈകളുടെ വേരുപടലം നടീൽ മാധ്യമമായ കൊക്കോപീറ്റിൽ ചുറ്റിയിരിക്കുന്നതിനാൽ കൃഷിയിടങ്ങളിലേക്ക് കേടുപാടുകൾ കൂടാതെ കൊണ്ടുപോകുവാൻ കഴിയും. അതുപോലെതന്നെ കൃഷിയിടങ്ങളിൽ വേരുപൊട്ടാതെ പറിച്ചു നടുന്നതിനും സാധ്യമാണ്. പൂർണ്ണമായും യന്ത്രവൽകൃതമായ ഈ നേഴ്സറിയിൽ ശാസ്ത്രീയ പരിചരണങ്ങളാണ് പച്ചക്കറിതൈ ഉൽപാദനത്തിനു സ്വീകരിക്കുന്നത്.

അതുകൊണ്ടുതന്നെ ഇവിടെ ഉൽപാദിപ്പിക്കുന്ന തൈകൾക്ക് കൃഷിയിടങ്ങളിൽ നല്ല വളർച്ചയും ആരോഗ്യവും രോഗപ്രതിരോധശേഷിയും ഉണ്ടാകും. കേരളത്തിൽ പച്ചക്കറികൃഷിയുടെ വ്യാപനത്തിനും ഭക്ഷ്യസുരക്ഷയ്ക്ക് വഴിയൊരുക്കുന്നതിനും ഈ പദ്ധതി സഹായകരമാകുമെന്നാണ് പ്രതീക്ഷ.